**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **17-03-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സംസ്ഥാനത്ത് 2001 മുതൽ 2021 വരെയുള്ള കാലയളവിൽ എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; ഉണ്ടെങ്കിൽ ഏതെല്ലാം വർഷത്തിലാണ് വർദ്ധിപ്പിച്ചത്; എത്ര രൂപ വീതം വർദ്ധിപ്പിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2001 മുതൽ 2021 വരെയുള്ള കാലയളവിൽ ഏഴ് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 1. റെഗുലേറ്ററി കമ്മീഷന്റെ രൂപീകരണത്തിനുമുമ്പ് ഇലക്ട്രിസിറ്റി സപ്ലൈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് വൈദ്യുതി ബോർഡ് രണ്ട് തവണ താരിഫ് പരിഷ്കരിച്ചിട്ടുണ്ട്. 07.08.2001- ലെ സ്വമേധയാ പുറത്തിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.08.2001 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധവും 24.10.2002- ലെ സ്വമേധയാ പുറത്തിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.10.2002 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധവും താരിഫ് പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 07.08.2001- ലെ താരിഫ് പരിഷ്കരണം മൂലമുണ്ടായ അധിക വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. 24.10.2002- ലെ താരിഫ് പരിഷ്കരണം മൂലം 25 % അധിക വരുമാനം ഉണ്ടായിട്ടുണ്ട്. 2. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.07.2012 മുതൽ നടപ്പിലാക്കിയ 24% വർദ്ധനവ് കമ്മീഷന്റെ താരിഫ് പരിഷ്കരണത്തിലൂടെ 1652.36 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. 3. റെഗുലേറ്ററി കമ്മീഷന്റെ 30.04.2013-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.05.2013 മുതൽ നടപ്പിലാക്കിയ, 9.1% വർദ്ധനവ് രേഖപ്പെടുത്തിയ, താരിഫ് പരിഷ്കരണത്തിലൂടെ 642.27 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. 4. റെഗുലേറ്ററി കമ്മീഷന്റെ 14.08.2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16.08.2014 മുതൽ നടപ്പിലാക്കിയ, 6.7% വർദ്ധനവ് രേഖപ്പെടുത്തിയ, |

| | | | |
|---|---|---|---|
| | | | താരിഫ് പരിഷ്കരണത്തിലൂടെ 963.40 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. 5. 17.04.2017-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18.04.2017 മുതൽ പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണം മൂലം, 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. 6. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08.07.2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 7.32% വർദ്ധനവ് രേഖപ്പെടുത്തിയ താരിഫ് പരിഷ്കരണത്തിലൂടെ 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് നിലവിലുണ്ടോ; | (സി) | സംസ്ഥാനത്ത് നിലവിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ല. അപൂർവ്വം അവസരങ്ങളിൽ സാങ്കേതിക കാരണങ്ങൾ മൂലം ഏർപ്പെടുത്തേണ്ടി വന്നിട്ടുള്ള വോൾട്ടേജ്/ലോഡ് നിയന്ത്രണം അല്ലാതെ 2015 മുതൽ ലോഡ് ഷെഡ്ഡിംഗ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ലോഡ് ഷെഡിംഗ് ഇല്ലാതായിട്ട് എത്ര വർഷമായി? | (ഡി) | സംസ്ഥാനത്ത് നിലവിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ല. അപൂർവ്വം അവസരങ്ങളിൽ സാങ്കേതിക കാരണങ്ങൾ മൂലം ഏർപ്പെടുത്തേണ്ടി വന്നിട്ടുള്ള വോൾട്ടേജ്/ലോഡ് നിയന്ത്രണം അല്ലാതെ 2015 മുതൽ ലോഡ് ഷെഡ്ഡിംഗ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ